# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.59: 06/03/2012- ൽ മറുപടിക്ക്

## പീഡിത വ്യവസായങ്ങളുടെ പുനരുദ്ധാരണം

ചോദ്യം | ഉത്തരം

ശ്രീ. മോൻസ് ജോസഫ് :
" റ്റി.യു. കുരുവിള :

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവരസാങ്കേതികവും
നഗരകാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ പീഡിത വ്യവസായങ്ങൾ പുനരുദ്ധരിക്കുന്നതിനും ആധുനികവൽക്കരിക്കുന്നതിനും വൈവിദ്ധ്യവൽക്കരിക്കുന്നതിനുമുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ; | (എ) | പീഡിത വ്യവസായ പുനരുദ്ധാരണ പദ്ധതി sick unit revivl programme (SURP) എന്ന പേരിൽ പീഡിത വ്യവസായങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിന് പാക്കേജ് നിലവിലുണ്ട്. ഇതിന്റെ ഭാഗമായി താഴെ പറയുന്ന സഹായങ്ങൾ നൽകുന്നു.<br>1. മാർജിൻ മണി ലോൺ (പരമാവധി 2 ലക്ഷം രൂപ വരെ).<br>2. റിവൈവൽ പ്രോജക്ട് റിപ്പോർട്ട് (RPR) തയ്യാറാക്കുന്നതിന് ഒടുക്കിയ തുകയുടെ 50% (പരമാവധി 10,000 രൂപ) |

| | | | |
|---|---|---|---|
| | | | സബ്സിഡിയായി നൽകുന്നു.<br>3. സാങ്കേതിക ഉപയോഗത്തിനും/ ടെക്നോളജിക്കും ചെലവായ തുകയുടെ 50%(പരമാവധി 15,000/- രൂപ) ഗ്രാന്റ് ആയി നൽകുന്നു.<br>4. സ്റ്റാർട്ട്-അപ്- എക്സ്പെൻസ് ലോൺ ആയി പരമാവധി 2.5 ലക്ഷം രൂപ നൽകുന്നു. (മാർജിൻ മണി ലോണും സ്റ്റാർട്ട് അപ്പ് എക്സ്പെന്റിച്ചർ ലോണും കൂടി 3 ലക്ഷം രൂപയിൽ കൂടരുത് എന്ന വ്യവസ്ഥയോടെ).<br>5. റവന്യൂ റിക്കവറി നടപടികൾ എന്തെങ്കിലും ഉണ്ടെങ്കിൽ അത് ഒരു വർഷത്തേക്കോ പുനരുദ്ധാരണ പദ്ധതി നടപ്പിലാക്കുന്നതുവരേയോ, ഏതാണോ ആദ്യം അതുവരെ നിർത്തി വയ്ക്കുന്നതാണ്. |
| (ബി) | വ്യവസായ വകുപ്പിന്റെ ഏകജാലക സംവിധാനം വ്യവസായ സംരംഭകർക്ക് കുറച്ചുകൂടി ലളിതമാക്കുവാൻ നടപടി സ്വീകരിക്കുമോ; | (ബി) | വ്യവസായ വകുപ്പിന്റെ ഏകജാലക സംവിധാനം സംരംഭകർക്ക് ഗുണപ്രദമായ |

| | | | |
|---|---|---|---|
| | | | രീതിയിൽ പ്രായോഗികവൽക്കരിക്കുന്നതിനും ലളിതവൽക്കരിക്കുന്നതിനും പ്രത്യേക ഊന്നൽ നൽകിയിട്ടുണ്ട്. പ്രാരംഭ നടപടിയായി ചീഫ് സെക്രട്ടറിയുടെ മേൽ നോട്ടത്തിൽ ഓൺലൈൻ ആയി ഏകജാലക സംവിധാനത്തിലേക്ക് അപേക്ഷ സ്വീകരിക്കുന്നതിനുള്ള പ്രായോഗിക രീതികൾ 02/09/2011-ൽ വിവിധ വകുപ്പ് അദ്ധ്യക്ഷൻമാരുമായി ചർച്ച നടത്തി തീരുമാനിക്കുകയുണ്ടായി. പ്രസ്തുത തീരുമാനത്തെ ആധാരമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. |
| (സി) | ചെറുകിട വ്യവസായ മേഖലയിൽ ബാങ്ക് ഗ്യാരന്റിയിൽ ലോണും സബ്സിഡിയും മിതമായ നിരക്കിലുള്ള വൈദ്യുതിയും വെള്ളവും റോഡും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (സി) | ചെറുകിട വ്യവസായ മേഖലയിൽ ബാങ്ക് ഗ്യാരന്റിയിൽ ലോൺ നൽകുന്നുണ്ട്. ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ ആവശ്യമുള്ള സംരംഭകർക്ക് തത്തുല്യമായ ഈട് (Guarantee) നൽകി വായ്പ നൽകാറുണ്ട്.<br>കൂടാതെ കേന്ദ്ര സർക്കാരിന്റെ Credit Guarantee Fund Trust for Micro and Small Enterprises എന്ന പദ്ധതി പ്രകാരം സംരംഭകർക്ക് വായ്പ ലഭ്യമാക്കുന്നതിനുള്ള വാർഷിക സർവ്വീസ് ഫീസും, ഒറ്റത്തവണ ഗാരണ്ടി ഫീസും (Collateral Fee |

| | | |
|---|---|---|
| | | Loan) ഈടാക്കി ധനകാര്യ സ്ഥാപനങ്ങൾ ജാമ്യ രഹിത വായ്പ നൽകി വരുന്നു. ഈ വാർഷിക ഫീസും, ഒറ്റത്തവണ ഗാരണ്ടി ഫീസും (One Time Guarantee Fee and Annual Fee) Reimburse ചെയ്യുന്ന പദ്ധതി ഈ സാമ്പത്തിക വർഷം നടപ്പിലാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ